"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - ഗ്രാമവികസനവകുപ്പ് - വയനാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിലെ ക്ലാർക്ക് ശ്രീമതി മേരി ക്ലാരറ്റിനെ നിലവിൽ ഒഴിവുള്ള കല്പറ്റ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് പുനർവിന്യാസ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഇ ആർ എ ) വകുപ്പ്

സ.ഉ.(സാധാ) നം.366/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/02/2021

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 21.10.2020-ലെ എസ്റ്റാ.സി4/9097/2020/സി ആർ ഡി നമ്പർ കത്തും ഉള്ളടക്കവും.

2 സ.ഉ.(സാധാ) നം.94/2021/ത.സ്വ.ഭ.വ., തീയതി 13.01.2021.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യാസ വ്യവസ്ഥയിൽ ഇളമാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ഉണ്ണികൃഷ്ണ പിള്ള എസ് ന് പ്രൊമോഷൻ ലഭിച്ചതിനാൽ മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ പ്രവേശിക്കുന്നതിനായി പരാമർശം (2) പ്രകാരം വിടുതൽ ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ, വയനാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിലെ ക്ലാർക്ക് ശ്രീമതി മേരി ക്ലാരറ്റിന്റെ കല്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ പുനർവിന്യാസ ഒഴിവിലേക്ക് നിയമനം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പരിഗണിക്കാവുന്നതാണെന്നു വകുപ്പ് മേധാവി പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

ഈ വിഷയം സർക്കാർ പരിശോധിക്കുകയുണ്ടായി. ശ്രീമതി മേരി ക്ലാരറ്റിനെതിരെ യാതൊരു അച്ചടക്കനടപടികളോ വിജിലൻസ് കേസോ നിലവിലില്ലെന്നു റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ വയനാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിലെ ക്ലാർക്ക് ശ്രീമതി മേരി ക്ലാരറ്റിന് കല്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ പുനർവിന്യാസ ഒഴിവിലേയ്ക്ക് നിയമനം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നവീൻ കൃഷ്ണൻ ജി ഐ**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി മേരി ക്ലാരറ്റ്, ക്ലാർക്ക്, വയനാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസ് (വകുപ്പ് മേധാവി മുഖേന)

അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), വയനാട്.

സെക്രട്ടറി, കല്പറ്റ ബ്ലോക്ക് പഞ്ചായത്ത്.

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ